# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1302 03.10.2016- ൽ മറുപടിയ്ക്ക്

## നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനിൽ അക്കര**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീ. പിണറായി വിജയൻ**<br>***(മുഖ്യമന്ത്രി)*** |
| എ) സംസ്ഥാനത്ത് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്.<br><br>വിദേശരാജ്യങ്ങളിൽ നിന്നും വിവിധ സാഹചര്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന മലയാളികൾക്ക് സുസ്ഥിര വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവാസി കാര്യ വകുപ്പ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പുനരധിവാസ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ചുരുങ്ങിയത് രണ്ടു വർഷം വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധനചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി. |

<table>
<tr>
<td>ബി)</td>
<td>ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;</td>
<td rowspan="2">ബി) യും സി) യും<br>തിരികെയെത്തിയ പ്രവാസികളെ തൊഴിൽ സംരംഭകരാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നല്കുകയും മൂലധന സബ്സിഡിയും പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കി അവരെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നല്കുകയുമാണ് ഈ പദ്ധതി മുഖേന വിഭാവനം ചെയ്യുന്നത്. നോർക്ക റൂട്ട്സും കാനറാ ബാങ്ക്, യൂണിയൻ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവരുമായി ഒപ്പു വയ്ക്കപ്പെട്ട ധാരണാ പത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് മേൽ പറഞ്ഞ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം അപേക്ഷകർ സമർപ്പിക്കുന്ന സംരംഭക പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായാണ് ബാങ്കുകൾ ലോൺ അനുവദിക്കുന്നത്. ഈ പദ്ധതിക്ക് അപേക്ഷിക്കുന്ന അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുകളെ കൂടി ഉൾപ്പെടുത്തി ഗുണഭോക്താവുമായി കൂടിക്കാഴ്ച നടത്തി പ്രഥമ ദൃഷ്ട്യാ അർഹമെന്നു കണ്ടെത്തുന്ന അപേക്ഷകൾ അതാത് ബാങ്കിന്റെ പരിഗണനക്ക് അയക്കുകയാണ്ചെയ്യുന്നത്. ഇത്തരത്തിൽ ശുപാർശ ചെയ്യുന്ന അപേക്ഷകളിന്മേൽ ലോൺ അനുവദിച്ച് അറിയിക്കുന്ന പക്ഷം സബ്സിഡി തുക റിലീസ് ചെയ്തുവരുന്നു.</td>
</tr>
<tr>
<td>സി)</td>
<td>തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും അവർക്ക് സുസ്ഥിര വരുമാനം കണ്ടെത്തുന്നതിനും എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;</td>
</tr>
</table>

ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം നൽകുമോ?

ഡി) തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ, സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്നതിന് രൂപം കൊടുത്ത പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രൻറ്സ് (NDPREM).

ഈ പദ്ധതി നടത്തിപ്പിനായി 2012-13 സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതിന് ഭരണാനുമതി നല്കുന്നതിനുള്ള നിർദ്ദേശം സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**